**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2049** **01-09-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾ പ്രതികളാകുന്ന കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സമീപകാലത്ത് അതിഥി തൊഴിലാളികൾ പ്രതികളാകുന്ന നിരവധി കൊലപാതക കേസുകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | 2019 മുതൽ 22.08.2022 വരെ ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം അനുസരിച്ച് 2019-നെക്കാൾ എണ്ണം കുറവാണ്. |
| (ബി) | അതിഥി തൊഴിലാളികളിലെ ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ പേരും മറ്റ് വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register-ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്. ടിയാളുകൾക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നത് മനസ്സിലാക്കാൻ ICJS (Inter-operable Criminal Justice System) സംവിധാനം ഉപയോഗിച്ച് പരിശോധിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസുദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസുദ്യോഗസ്ഥരും അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് സ്ഥിതി വിവരങ്ങൾ നിരീക്ഷിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ